**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 14** **12-10-2026-ൽ മറുപടിയ്ക്ക്**

**<u>ഡൽഹിയിലെ പ്രത്യേക പ്രതിനിധി.</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. വി. ടി. സൂരജ് ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

**(എ)** കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഡൽഹിയിൽ പ്രത്യേക പ്രതിനിധിയെ നിയമിച്ചിരുന്നോ; വിശദമാക്കുമോ;

**<u>മറുപടി:</u>** നിയമിച്ചിരുന്നു. സർക്കാരിന്റെ ഡൽഹിയിലെ പ്രത്യേക പ്രതിനിധിയായി പ്രൊഫ. കെ. വി. തോമസിനെ നിയമിച്ച് 20.01.2023 ൽ ഉത്തരവായിരുന്നു.

**(ബി)** നിയമിച്ച കാലയളവ് ,എന്തൊക്കെ ചുമതലകളാണ് ഈ പ്രതിനിധി നിർവഹിച്ചിരുന്നത് എന്നിവ വ്യക്തമാക്കുമോ;

**<u>മറുപടി:</u>** 20.01.2023 മുതൽ 04.05.2026 വരെയുള്ള കാലയളവിലാണ് പ്രത്യേക പ്രതിനിധിയെ നിയമിച്ചിരുന്നത്. കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുള്ള പദ്ധതികൾ, നിവേദനങ്ങൾ, വിദേശ രാജ്യങ്ങളിലെ പ്രവാസി മലയാളികളുടെ വിവിധ പ്രശ്നങ്ങൾ പരിഹരിക്കുന്നതുമായി ബന്ധപ്പെട്ട ചുമതലകൾ എന്നിവയായിരുന്നു കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പ്രത്യേക പ്രതിനിധി നിർവഹിച്ച് വന്നിരുന്നത്.

**(സി)** പ്രസ്തുത പ്രതിനിധിക്ക് ശമ്പളം, അലവൻസ്, സ്റ്റാഫ് തുടങ്ങിയ ഇനത്തിൽ ചെലവായ തുക ഇനം തിരിച്ച് ലഭ്യമാക്കുമോ ;

**<u>മറുപടി:</u>** പ്രസ്തുത പ്രതിനിധിക്ക് പ്രതിമാസം 1,00,000/- രൂപ നിരക്കിൽ ഓണറേറിയം ആയി ആകെ 39,51,613/- രൂപയും, പേഴ്സണൽ സ്റ്റാഫുകൾക്ക് (5 സ്റ്റാഫുകൾ) ശമ്പള ഇനത്തിൽ (കൺസോളിഡേറ്റഡ് പേ) ആകെ 61,96,403/- രൂപയും അനുവദിച്ചിട്ടുണ്ട്.

ഔദ്യോഗിക വാഹനത്തിൽ ഇന്ധനം നിറച്ച ഇനത്തിൽ 2,20,429/- രൂപയും, ഹോസ്പിറ്റാലിറ്റി ഇനത്തിൽ 1,59,459/- രൂപയും ചെലവായിട്ടുണ്ട്.

2023 വർഷത്തിൽ നടത്തിയ ഔദ്യാഗിക യാത്രകൾക്ക് ഇൻസിഡന്റൽ ചെലവായി 39,000/- രൂപയും, ഔദ്യോഗിക യാത്രകളുടെ ടിക്കറ്റ് ഇനത്തിൽ 13,04,854/- രൂപയും പ്രത്യേക പ്രതിനിധിക്ക് അനുവദിച്ചിട്ടുണ്ട് .

**(ഡി)** പ്രസ്തുത പ്രതിനിധിയെ നിയമിച്ചത് മൂലം സംസ്ഥാനത്തിനുണ്ടായ നേട്ടങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

**മറുപടി:** സംസ്ഥാനത്തിനുണ്ടായ നേട്ടങ്ങൾ പരിശോധിച്ചു വരുന്നു .

**സെക്ഷൻ ഓഫീസർ**